പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 192 — 18.03.2015-ൽ മറുപടിയ്ക്ക്

## വൈദ്യുതി നിരക്കിൽ സബ്സിഡി.

ചോദ്യം

ശ്രീമതി. ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി നിരക്കിലുണ്ടായിരുന്ന സബ്സിഡി പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര യൂണിറ്റു വരെ ഉപയോഗിക്കുന്നവർക്ക് യൂണിറ്റൊന്നിന് എത്ര സബ്സിഡിയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സബ്സിഡി പിൻവലിക്കാനുണ്ടായ കാരണങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(എ) & (ബി) സംസ്ഥാനത്ത് 2012 ജൂലായ് ഒന്നാം തീയതി മുതൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫ് വർദ്ധനവിൽ നിന്ന്, പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും 06.08.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം (ജി. ഒ. (എം. എസ്) നമ്പർ.18/2012/പി.ഡി) സബ്സിഡി നൽകി ഒഴിവാക്കി വരുന്നു. കൂടാതെ, 120 യൂണിറ്റ് വരെ ഉപഭോഗമുള്ള (പ്രതിമാസം) സിംഗിൾ ഫേസ് ഉപഭോക്താക്കളെയും മേൽ സൂചിപ്പിച്ച സബ്സിഡി ഉത്തരവു പ്രകാരം ഫിക്സഡ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയിരുന്നു. സബ്സിഡി നൽകി വരുന്നതിന്റെ വിശദാംശങ്ങൾ പട്ടിക- 1 ൽ കൊടുത്തിരിക്കുന്നു.

**ഗാർഹികം**

| ചാർജ്ജുകൾ | വിഭാഗം | സബ്സിഡി നിരക്ക് |
|---|---|---|
| എനർജി ചാർജ്ജ് | പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളവർ (സിംഗിൾ ഫേസ്/ത്രീ ഫേസ്) | യൂണിറ്റൊന്നിന് 35 പൈസ |
| | പ്രതിമാസം 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ ഉപഭോഗമുള്ളവർ (ത്രീ ഫേസ്/സിംഗിൾ ഫേസ്) | 40 യൂണിറ്റ് വരെ 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയും |

| | | |
|---|---|---|
| ഫിക്സഡ് ചാർജ്ജ് | പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഉപഭോക്താക്കൾ | പ്രതിമാസം 20 രൂപ |

**കാർഷികം**

| ചാർജ്ജ് | വിഭാഗം | സബ്സിഡി നിരക്ക് |
|---|---|---|
| എനർജി ചാർജ്ജ് | മുഴവൻ ഉപഭോഗത്തിനും | യൂണിറ്റൊന്നിന് 85 പൈസ |

ഇതു കൂടാതെ 28.05.2013 ലെ സർക്കാർ ഉത്തരവിലൂടെ (ജി. ഒ. (എം.എസ്) 24/2013/ഊ. വ) 2013 മെയ് 1 മുതൽ കമ്മീഷൻ അംഗീകരിച്ച വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ നിന്നും, പ്രതിമാസം 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ മൂന്നു മാസത്തേയ്ക്ക് മാത്രം (2013 മെയ് മുതൽ ജൂലായ് വരെ) താഴെപ്പറയുന്ന നിരക്കിൽ സബ്സിഡി നൽകിയിരുന്നു.

**പട്ടിക – 2**

| ഉപഭോഗം | സബ്സിഡി നിരക്ക് |
|---|---|
| പ്രതിമാസം 40 യൂണിറ്റ് വരെ | താരിഫ് വർദ്ധനവില്ല |
| 41 മുതൽ 80 യൂണിറ്റ് വരെ | ആദ്യത്തെ 40 യൂണിറ്റ് വരെ 70 പൈസ (യൂണിറ്റൊന്നിന് സബ്സിഡി) 41 മുതൽ 80 യൂണിറ്റ് വരെ താരിഫ് വർദ്ധനവില്ല. (20 പൈസ താരിഫിൽ കുറവ് വരുത്തിയിരുന്നു) |
| 81 മുതൽ 120 യൂണിറ്റ് വരെ | യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ സബ്സിഡി |

2012 ജൂലായ് 1 മുതൽ നൽകിവരുന്ന (പട്ടിക-1 ൽ സൂചിപ്പിച്ചിരിക്കുന്ന സബ്സിഡി ഇപ്പോഴും തുടരുകയാണ്, നിർത്തലാക്കിയിട്ടില്ല. ടി വിഭാഗം ഉപഭോക്താക്കളെ വർദ്ധിപ്പിച്ച താരിഫിൽ നിന്ന് ഒഴിവാക്കുന്നതു മൂലം കെ. എസ്. ഇ. ബി. ലിമിററഡിന് ഉണ്ടാകുന്ന വരുമാന കമ്മി 2012-13-ൽ കണക്കാക്കപ്പെട്ട 25 കോടി രൂപയുടെ സ്ഥാനത്ത് ഉപഭോക്താക്കളുടെ

എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് മൂലം 32.01 കോടി രൂപയായി ഉയർന്നിട്ടുള്ളതിനാൽ ടി തുക 2015 ജനുവരി മുതൽ മുൻകൂർ കാഷ് സബ്സിഡിയായി കെ. എസ്. ഇ. ബി. ലിമിറ്റഡിന് അനുവദിച്ചു നൽകിക്കൊണ്ട് ടി സബ്സിഡി തുടരാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ഫിക്സഡ് ചാർജ്ജ്, മീറ്റർ വാടക എന്നിവയ്ക്ക് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് 2012 ജൂലായ് – 1 മുതൽ പ്രതിമാസം 40 യൂണിറ്റിനു മുകളിൽ ഉപയോഗിക്കുന്ന എല്ലാ ഗാർഹിക സിംഗിൾ ഫേസ് ഉപഭോക്താക്കൾക്കും പ്രതിമാസം 20 രൂപ നിരക്കിലും, ത്രീ ഫേസ് ഉപഭോക്താക്കൾക്ക് പ്രതിമാസം 60 രൂപാ നിരക്കിലും ഫിക്സഡ് ചാർജ്ജ് ഏർപ്പെടുത്തി കൊണ്ട് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 06.08.2012 ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കളെ സബ്സിഡി നൽകി ഫിക്സഡ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി വരുന്നു.

മറ്റ് വിഭാഗം ഉപഭോക്താക്കളുടെ 2012 ജൂലൈ -1 ന് മുമ്പുള്ള ഫിക്സഡ് ചാർജ്ജും, നിലവിലുള്ള ഫിക്സഡ് ചാർജ്ജും **അനുബന്ധം-1** ആയി കൊടുത്തിരിക്കുന്നു.

2014 ഒക്ടോബർ മുതൽ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും മീറ്റർ വാടക കുറച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക -3**

| ക്രമ നമ്പർ | വിഭാഗം | പ്രതിമാസ മീറ്റർ വാടക (രൂപയിൽ | |
|---|---|---|---|
| | | പഴയ നിരക്ക് | 01.10.2014 മുതലുള്ള നിരക്ക് |
| 1 | സിംഗിൾ ഫേസ് മീറ്റർ | 10 | 6 |
| 2 | ത്രീ ഫേസ് മീറ്റർ | 20 | 15 |
| 3 | ത്രീ ഫേസ് സി.റ്റി മീറ്റർ | 75 | 30 |

| | | | |
|---|---|---|---|
| (ഡി) | വൈദ്യുതി ഉപയോഗത്തിനനുസരിച്ച നിരക്കും ഡ്യൂട്ടി ചാർജ്ജിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) | നിലവിൽ ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി നിരക്ക്, ഉപഭോഗ സ്ലാബുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർണ്ണയിച്ച് ഉത്തരവിറക്കിയിട്ടുള്ളത്. 2012 ന് മുമ്പുള്ള ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കും, നിലവിലുള്ള നിരക്കും, **അനുബന്ധം-2** ആയി കൊടുത്തിരിക്കുന്നു.<br><br>സംസ്ഥാനത്ത് 1963 – ലെ കേരളാ ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരമാണ് വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കുന്നത്. ടി ആക്ടിലെ ഷെഡ്യൂൾ പ്രകാരം, വിവിധ ഉപഭോക്താക്കൾ നൽകേണ്ടുന്ന ഡ്യൂട്ടിയുടെ നിരക്കുകൾ **അനുബന്ധം-3** ആയി കൊടുത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്